"ഭരണഭാഷ - മാതൃഭാഷ"

<u>വളരെ അടിയന്തിരം</u>
<u>സമയബന്ധിതം</u>

**വ്യാവസായിക പരിശീലന വകുപ്പ്**
**(കേരള സംസ്ഥാനം)**

നമ്പർ: ജി1/18750/16

ചാക്ക, തിരുവനന്തപുരം
തീയതി: 24/01/2017

## <u>ചുറ്ററിയിപ്പ്</u>

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് ഫെബ്രുവരി 2017- എം.ഐ.എസ് പോർട്ടൽ മുഖേന രജിസ്റ്റർ ചെയ്തിട്ടുള്ള ട്രെയിനികൾക്കുള്ള ഹാൾടിക്കറ്റ് ജനറേറ്റ് ചെയ്യുന്നത്- തുടർനടപടികൾ സ്വീകരിക്കാൻ നിർദേശം നൽകുന്നത്-സംബന്ധിച്ച്.

-----------

ഫെബ്രുവരി 2017 നടക്കുന്ന അഖിലേന്ത്യാ ട്രേഡ് ടെസ്റ്റിന് ആഗസ്റ്റ് 2016ൽ അഡ്മിഷനായ ട്രെയിനികളിൽ നിന്നും ഒന്നാം സെമസ്റ്റർ (റഗുലർ), ആഗസ്റ്റ് 2015ൽ അഡ്മിഷനായ ട്രെയിനികളിൽ നിന്നും ഒന്നാം സെമസ്റ്റർ/രണ്ടാം സെമസ്റ്റർ (സപ്ലിമെന്ററി), മൂന്നാം സെമസ്റ്റർ (റഗുലർ), ആഗസ്റ്റ് 2014ൽ അഡ്മിഷനായ ട്രെയിനികളിൽ നിന്നും ഒന്ന് മുതൽ നാല് വരെയുള്ള സെമസ്റ്റർ പരീക്ഷകൾ സപ്ലിമെന്ററിയായി എഴുതുന്നതിന് എം.ഐ.എസ് പോർട്ടൽ മുഖേന രജിസ്റ്റർ ചെയ്തിട്ടുള്ള ട്രെയിനികളുടെ 'സെമസ്റ്റർ സ്റ്റാറ്റസ്' 'ഹാൾടിക്കറ്റ് എലിജിബിലിറ്റി റിപ്പോർട്ട്' എന്നിവ പരിശോധിച്ച് ട്രേഡ് ടെസ്റ്റ് എഴുതുന്നതിന് അപേക്ഷ നൽകിയ ട്രെയിനികളിൽ നിന്നും യോഗ്യരായവർക്ക് ഹാൾടിക്കറ്റ് ലഭ്യത അതത് സ്ഥാപനമേധാവികൾ പരിശോധിച്ച് ഉറപ്പ് വരുത്തിയ ശേഷം **<u>tradetestmis@gmail.com</u>** എന്ന വിലാസത്തിൽ കൺഫർമേഷൻ മെയിൽ നൽകുന്ന മുറക്ക് ഹാൾടിക്കറ്റ് ജനറേറ്റ് ചെയ്യുന്നതുമാണ്. ഇത്തരത്തിൽ നൽകുന്ന മെയിലിന്റെ സബ്ജറ്റ് ലൈനിൽ **<u>HALL TICKET GENERATION</u>: <u>ALL PARAMETERS ARE OK (MIS ITI CODE)</u>** എന്ന് രേഖപ്പെടുത്തണം. എല്ലാ എൻട്രിയകളും ശരിയാണെന്ന് ഉറപ്പ് വരുത്തിയ ശേഷം മാത്രം ഇത്തരത്തിൽ കൺഫർമേഷൻ നൽകുന്നതിന് അതത് പ്രിൻസിപ്പാൾമാർ ശ്രദ്ധിക്കേണ്ടതാണ്. ഹാൾടിക്കറ്റുകൾ **27/01/2017** മുതൽ എം.ഐ.എസ് പോർട്ടലിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. എൻട്രികളിലെ പിശക്മൂലം ഹാൾടിക്കറ്റ് ജനറേറ്റ് ആകാതിരുന്നാൽ/ ലഭ്യമാകാതിരുന്നാൽ അതിന്റെ പൂർണ്ണഉത്തരവാദിത്തം ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർക്ക് മാത്രമായിരിക്കും എന്ന് പ്രത്യേകം ഓർമ്മപ്പെടുത്തുന്നു.

ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി

എല്ലാ സ്ഥാപനമേധാവികൾക്കും

<u>പകർപ്പ്</u>
വകുപ്പ് വെബ്സൈറ്റിലേക്ക്

ആൻ 24.1.17